## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 849

25.01.2018 ലെ മറുപടിയ്ക്ക്.

## മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പഠനനിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.മുരളീധരൻ**<br>**,, കെ.സി.ജോസഫ്**<br>**,, എൽദോസ് പി. കുന്നപ്പിള്ളിൽ**<br>**,, റോജി എം. ജോൺ** | **ശ്രീ. എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പഠനനിലവാരം വിലയിരുത്തിയിട്ടുണ്ടോ; സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കിയ നടപടി പഠന നിലവാരത്തെ എത്രമാത്രം സ്വാധീനിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | ഉണ്ട്.<br><br>പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 2016-17 വർഷം എസ്.എസ്.എൽ.സി പരീക്ഷ എഴുതിയ 291 വിദ്യാർത്ഥികളിൽ 290 പേരും വിജയിക്കുകയും 11 പേർക്ക് ഫുൾ എ+ ഉൾപ്പെടെ മികച്ച വിജയം കരസ്ഥമാക്കുവാനും കഴിഞ്ഞിട്ടുണ്ട്. പുന്നപ്ര മോഡൽ റസിഡൻഷ്യൽ സ്കൂളിന് മികവിന്റെ കേന്ദ്രം എന്ന നിലയ്ക്ക് ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് ലഭിച്ചു. കലാ കായിക ഇനങ്ങളിൽ മികവുപുലർത്തുന്ന വിദ്യാർത്ഥികളെ കണ്ടെത്തി പൊതു വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കലാ കായിക മേളകളിൽ പങ്കെടുപ്പിക്കുന്നുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളിലും 2016-17 അദ്ധ്യയന വർഷങ്ങളിൽ കേരള സിലബസിലും സി.ബി.എസ്.ഇ. സിലബസിലും 100% വിജയം ലഭ്യമായിരുന്നു. ഹയർ സെക്കന്ററി വിഭാഗത്തിൽ കേരളാ സിലബസിൽ 576 വിദ്യാർത്ഥികളിൽ 504 വിദ്യാർത്ഥികളും (88%), സി.ബി.എസ്.ഇ. സിലബസിൽ 35 വിദ്യാർത്ഥികളിൽ 27 പേർക്കും (77%) വിജയം നേടാൻ കഴിഞ്ഞു. 2016-17 അദ്ധ്യയന വർഷത്തിലെ സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾ നിരവധി "എ" ഗ്രേഡുകൾ കരസ്ഥമാക്കിയിരുന്നു. |

| | | | |
|---|---|---|---|
| (ബി) | എല്ലാ ജില്ലകളിലും മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ നിലവിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചു വരുന്നു. കണ്ണൂർ ജില്ലയിലെ തളിപ്പറമ്പിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ബാക്കിയുള്ള ജില്ലകളിലും മോഡൽ റസിഡൻഷ്യൽ സ്കൂൾ അനുവദിക്കുന്നകാര്യം സ്ഥല ലഭ്യത അനുസരിച്ച് പരിഗണിക്കാവുന്നതാണ്.<br><br>പട്ടിക വർഗ്ഗ വികസന വകുപ്പിനു കീഴിൽ സംസ്ഥാനത്ത് നിലവിൽ പതിനൊന്ന് ജില്ലകളിലായി 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചു വരുന്നു. ആലപ്പുഴ, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് സ്കൂളുകൾ ആരംഭിക്കുന്നതാണ്. |
| (സി) | കിഫ്ബിയിൽ നിന്നുള്ള ധനസഹായത്തോടെ തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചലിലും ആറളത്തും ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (സി) | പൂർത്തിയായിട്ടില്ല. കുറ്റിച്ചൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ വാലിപ്പാറ സെന്ററിൽ ഒരു ഹെക്ടർ ഭൂമി വനാവകാശ നിയമ പ്രകാരം ലഭ്യമായിട്ടുണ്ട്. ടി സ്ഥലത്ത് സർവ്വേ നടത്തി രൂപരേഖ തയ്യാറാക്കൽ, മണ്ണ്, പരിശോധന നടത്തി സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കൽ മുതലായ പ്രാരംഭപണികൾ പുരോഗമിച്ച് കൊണ്ടിരിക്കുന്നു. ടി നിർമ്മാണ പ്രവർത്തനങ്ങളുടെ നിർവ്വഹണ ഏജൻസിയായി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെ നിശ്ചയിച്ചിട്ടുണ്ട്.<br>കണ്ണൂർ ജില്ലയിലെ ആറളത്ത് മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മാണത്തിന് കിഫ്ബിയിൽ നിന്നും അനുമതി ലഭ്യമായിട്ടുണ്ട്. സ്കൂൾ നിർമ്മാണത്തിനായി ബിൽഡിംഗ് പെർമിറ്റ് ലഭ്യമാക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**